II.ഇ.ബി. XII--കേരള നിയമസഭ/V--1

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

ചോദ്യോത്തരങ്ങൾ-സംഗ്രഹം

2007 ജൂൺ 19, ചൊവ്വ

പന്ത്രണ്ടാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനം 2007 ജൂൺ മാസം 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ ആരംഭിച്ചു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പരിനെ സൂചിപ്പിക്കുന്നു).

1 (*1) സർക്കാർ ഓഫീസുകളിലെ സേവനം മെച്ചപ്പെടുത്താൻ നടപടി

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഓരോ വകുപ്പിന്റേയും നടപടികൾ സമയബന്ധിതമായി പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകാറുണ്ടെന്ന് സഭയെ അറിയിച്ചു. ഫൈവ്ഡേ റൂൾ അനുസരിച്ച് തപാലുകളുടെയും ഫയലുകളുടെയും സമയബന്ധിതമായ സമർപ്പിക്കൽ പരിശോധന നടത്തി ഉറപ്പുവരുത്താറുണ്ട്. അതാത് വർഷം വിവിധ വകുപ്പുകളിൽ പരിശോധന നടത്തി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ക്രിയാത്മക നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങളിൽ ആവശ്യമായ നടപടി

സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പുകളോട് നിർദ്ദേശിക്കുകയും ചെയ്യാറുണ്ട്. അതാതു വകുപ്പുകൾ ഈ നിർദ്ദേശങ്ങൾ പാലിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്. ഓഫീസ് അച്ചടക്കം, ഹാജർ പരിശോധന, ഓഫീസിൽ വൈകിയെത്തുകയും ഓഫീസ് സമയം കഴിയുംമുമ്പ് ഓഫീസ് വിട്ടുപോവു കയും ചെയ്യുക എന്നിവയെ സംബന്ധിച്ചുള്ള വ്യക്തമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.. പ്രസ്തുത നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എല്ലാ വകുപ്പ് തലവൻമാർക്കും സൂപ്പർവൈസറി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. താലൂക്ക് ഓഫീസുകളിലും കളക്ടറേറ്റുകളിലും അന്വേഷണ കൗണ്ടറും പൊതുജന പ്രശ്നപരിഹാര സെല്ലും രൂപീകരിച്ചിട്ടുണ്ട്. പൊതുജന ങ്ങൾക്ക് എളുപ്പത്തിൽ കടന്നുവരാവുന്ന രീതിയിൽ ഓഫീസിന്റെ പ്രധാന ഭാഗത്ത് അന്വേഷണ കൗണ്ടർ സ്ഥാപിക്കുകവഴി അപേക്ഷകൾ അവിടെ സ്വീകരിച്ച് കൈപ്പറ്റ് രസീത് നൽകി, അപേക്ഷയിൻമേൽ അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. മിക്ക താലൂക്ക് ഓഫീസുകളിലും കളക്ടറേറ്റു കളിലും കമ്പ്യൂട്ടർ സൗകര്യവും പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഇന്റർകോം സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് കുടിവെള്ള സൗകര്യത്തോടുകൂടിയ വിസിറ്റേഴ്സ് ലോഞ്ച് പ്രവർത്തനക്ഷമമാ ക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പൊതുഭരണം സുതാര്യമാക്കുന്നതിനും പൗരൻമാർക്ക് ലഭിക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്തുന്നതിനുംവേണ്ടി പഞ്ചായത്ത്രാജ് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സുപ്രധാന നിർദ്ദേശമായ പൗരാവകാശരേഖ ഓരോ തദ്ദേശ ഭരണ സ്ഥാപനവും പ്രസിദ്ധീകരിക്കണ മെന്ന വ്യവസ്ഥയിൻമേൽ പ്രസ്തുത രേഖ പൊതുജന സമക്ഷം സമർപ്പിച്ചു

വരുന്നു. സംസ്ഥാനത്തെ നിലവിലുള്ള ഭരണ സംവിധാനം സുഗമമാക്കുന്ന തിനും കാര്യക്ഷമമാക്കുന്നതിനുംവേണ്ടി ഏതാനും വകുപ്പുകളിൽ നടപടിക്രമ ങ്ങൾ ലഘൂകരിക്കുന്ന പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. അതിന്റെ ഭാഗമായി ഇ.കെ. നായനാർ ചെയർമാനായി 26.5.97-ൽ രൂപീകരിച്ച ഭരണ പരിഷ്ക്കാര കമ്മിറ്റി സമർപ്പിച്ച 15 റിപ്പോർട്ടുകളിൽ 10 എണ്ണത്തിലെ മിക്ക ശുപാർശകളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും അവ നടപ്പിലാക്കിവരികയും ചെയ്യുന്നു. ബാക്കിയുള്ള 5 റിപ്പോർട്ടുകൾ കഴിഞ്ഞ സർക്കാർ പരിശോധിച്ച് വരികയായിരുന്നു. 11-ാമത് റിപ്പോർട്ട് ഈ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 12-ാമത് റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പതിമൂന്നാമത് റിപ്പോർട്ട് അംഗീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. പതിനാലാമത്തേയും പതിനഞ്ചാമത്തേയും റിപ്പോർട്ടുകളിലെ ശുപാർശകളിൻമേൽ തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്. സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകളിൻമേൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിന് അടിയന്തിര പ്രാധാന്യം കൊടുത്തുകൊണ്ട് നടപടികൾ സ്വീകരിക്കുന്നതാണ്. തെക്കൻ ജില്ലകളിൽ നിന്നും വടക്കൻ ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റുന്ന ഉദ്യോഗസ്ഥരെ പോസ്റ്റ് ചെയ്തിരിക്കുന്ന സ്ഥാനത്ത് തന്നെ ജോയിൻ ചെയ്യിക്കാനാവശ്യമായ കർശന നടപടി സ്വീകരിക്കുന്നതാണെന്നും അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പുനർ വിന്യസിപ്പിച്ച ഉദ്യോഗസ്ഥരെക്കൊണ്ട് നല്ല നിലയിൽ ജോലി ചെയ്യിക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നും ഓഫീസുകളിൽ സർപ്രൈസ് വിസിറ്റ് വഴിയും മറ്റും അവരുടെ വീഴ്ചകൾ കറക്ടു ചെയ്യാനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും മുഖ്യമന്ത്രി

വ്യക്തമാക്കി. ഓഫീസുകളിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ കഴിയുന്നത്ര വേഗം ജീവനക്കാരെ നിയമിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്ന് പി. എസ്. സി. ചെയർമാൻ അറിയിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സർവ്വീസ് സംഘടനകളുമായി സർക്കാർ ഒരു പ്രാവശ്യം ചർച്ച നടത്തി; തുടർന്നും ചർച്ച നടത്താൻ തീരുമാനമെടുത്തിരിക്കുകയാണ്. നാഷണൽ റൂറൽ ഹെൽത്ത് മിഷന് കഴിഞ്ഞ വർഷം കിട്ടിയ 31 ലക്ഷം രൂപ ക്യാരി ഓവർ ചെയ്ത് ഈ വർഷത്തേയ്ക്ക് മാറ്റി വച്ചത് സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് പടർന്ന് പിടിച്ചിരിക്കുന്ന പകർച്ചപ്പനി നേരിടാൻ ജനങ്ങളേയും ഉദ്യോഗസ്ഥരേയും വിശേഷിച്ച് മെഡിക്കൽ വകുപ്പിനേയും തയ്യാറാക്കിക്കൊണ്ട് ഫലപ്രദമായ നിലപാട് സ്വീകരിച്ചതിന്റെ ഫലമായി അത് താരതമ്യേന കുറഞ്ഞിട്ടുണ്ടെന്നുള്ള റിപ്പോർട്ടാണ് ഗവൺമെന്റിന് കിട്ടിയിരിക്കുന്നത്. ഇനിയും പരമാവധി കുറയ്ക്കാൻവേണ്ടിയുള്ള ശ്രമത്തിൽ ഗവൺമെന്റ് ഏർപ്പെട്ടിരിക്കുകയാണ്. ആരോഗ്യ വകുപ്പിൽ മതിയായ സ്റ്റാഫും ആവശ്യമായ ഉപകരണങ്ങളും വാഹനങ്ങളും കൊടുക്കുന്ന കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്ന് ഒരുപചോദ്യത്തിനുത്തരമായി മുഖ്യമന്ത്രി വ്യക്തമാക്കി.

2 (*2) <u>ഉദ്യോഗസ്ഥരുടെ പുനർവിന്യാസം</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിന് അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ ശുപാർശകൾക്കനുസൃതമായി വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയ്ക്ക് വിവിധ വകുപ്പുകളിൽ നിന്നും ഉദ്യോഗസ്ഥരെ

പുനർവിന്യസിപ്പിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സർക്കാരിന്റെ ഏതെങ്കിലും പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടിവന്നാൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് യാതൊരുവിധ നിയന്ത്രണവുമേർപ്പെടുത്താൻ പാടില്ല;. യാത്രാബത്ത, ശമ്പളം എന്നിവ പ്രത്യേകം മാറ്റിവയ്ക്കുക; പുനർവിന്യാസ കാലാവധി മൂന്ന് വർഷമായി നിജപ്പെടുത്തുക; ഓഫീസ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ തന്നെയായിരിക്കുക എന്നീ മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് അവരെ പുനർ വിന്യസിപ്പിച്ചിരിക്കുന്നത്. പുനർ വിന്യാസം കാര്യക്ഷമമാക്കാൻ അതാത് വകുപ്പുകളിലെ ഉദ്യോഗസ്ഥർ ശ്രദ്ധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്. പകർച്ചപ്പനിയുടെ കാലഘട്ടത്തിൽ മെഡിക്കൽ വകുപ്പിലേയ്ക്കും മറ്റും അയയ്ക്കുന്നവർ അടിയന്തിര സ്വഭാവത്തോടുകൂടി അവരുടെ ചുമതല നിർവ്വഹിക്കേണ്ടതാണ്. പനി പടർന്ന് പിടിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പ്രൈമറി ഹെൽത്ത് സെന്ററുകളിലെ ഒ.പി. സമയം വൈകിട്ടുവരെയാക്കുന്നതിനെ സംബന്ധിച്ച് മെഡിക്കൽ വകുപ്പ് പഠിച്ചുകൊണ്ടിരിക്കുകയാണെന്ന് ഒരുപചോദ്യത്തിനുത്തരമായി മുഖ്യമന്ത്രി വ്യക്തമാക്കി.

3(*3) <u>അവശ്യ സാധനങ്ങൾ നേരിട്ടു വാങ്ങുന്ന സംപ്രദായം</u>

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, ഇ-ടെൻഡർ സംപ്രദായത്തിലൂടെയാണ് സിവിൽ സപ്ളൈസ് കോർപ്പറേഷൻ അരി, പലവ്യഞ്ജനങ്ങൾ, പഞ്ചസാര എന്നിവ വാങ്ങുന്നതെന്ന് സഭയെ അറിയിച്ചു. ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്നുള്ള വിതരണക്കാരും ഇ-ടെൻഡറിൽ പങ്കെടുക്കുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിലെ ഉൽപ്പാദന കേന്ദ്രങ്ങളിൽ

പ്രവർത്തിക്കുന്ന സഹകരണ ഏജൻസികളിൽ നിന്നും നേരിട്ടു വാങ്ങുന്നതിന് ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, തമിഴ്നാട്, കർണ്ണാടക, രാജസ്ഥാൻ എന്നീ സംസ്ഥാന ഏജൻസികളുമായി ചർച്ചകൾ നടത്തിയതിനെത്തുടർന്ന് മഹാരാഷ്ട്ര, തമിഴ്നാട് എന്നിവിടങ്ങളിലെ സ്ഥാപനങ്ങൾ ടെൻഡറിൽ പങ്കെടുത്തുവരുന്നു. ഈ സംപ്രദായം ഫലപ്രദവും അഴിമതിരഹിതവും പര്യാപ്തവുമാണ്. ഇടനിലക്കാരെ നേരിട്ട് ബന്ധപ്പെട്ട് ഉൽപന്നങ്ങൾ മൊത്തമായി വാങ്ങുന്ന സംപ്രദായം ഇ-ടെൻഡർ നിലവിൽ വന്നതോടെ അവസാനിപ്പിക്കാൻ കഴിഞ്ഞു. അതുപോലെ സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ നിരന്തരം പരിശോധിക്കുന്നതിന് ഒരു വിജിലൻസ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. . സപ്ളൈകോയുടെ വെബ്സൈറ്റിലും 19 ന്യൂസ് പേപ്പറുകളിലും മുൻകൂട്ടി പ്രസിദ്ധം ചെയ്താണ് ടെന്റർ നടത്തുന്നത്. ടെണ്ടർ ദിവസം ഹെഡ് ഓഫീസിൽ ഹാജരാകുന്ന സപ്ളൈയർമാരുടെ സാന്നിദ്ധ്യത്തിലാണ് ടെന്റർ തുറക്കുന്നത്. ഇ-ടെന്ററിന്റെ കാര്യക്ഷമമായ നടത്തിപ്പിന് സമയബന്ധിതമായ ഒരു അവലോകന സംപ്രദായവും നടപ്പിലാക്കുന്നുണ്ട്. നിലവിലുള്ള പർച്ചേസ് റൂൾ പ്രകാരം ഉൽപ്പാദന കേന്ദ്രത്തിൽ നിന്നും നേരിട്ട് ബൾക്കായി സാധനങ്ങൾ പർച്ചേസ് ചെയ്യാനുള്ള നടപടിയെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. സിവിൽ സപ്ളൈസ് കോർപ്പറേഷൻ വഴി നെല്ല് വാങ്ങി അരിയാക്കി കൊടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. കഴിഞ്ഞ തവണയിൽ നിന്നും വ്യത്യസ്തമായി ഈ തവണ 129 കോടി രൂപയുടെ നെല്ല് സംഭരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് സർവ്വകാല റെക്കാർഡാണ്. അതിൽ 100 കോടി രൂപ വിതരണം ചെയ്തു;. കുടിശ്ശിക തുക ഉടനടി വിതരണം ചെയ്യാനുള്ള നടപടി പൂർത്തിയായിവരികയാണ്. മാവേലി മെഡിക്കൽ

സ്റ്റോറുകൾ വഴി ചിക്കുൻഗുനിയ, ഡെങ്കിപ്പനി എന്നിവയ്ക്കുള്ള ഔഷധ വില 50 ശതമാനവും ക്ഷയരോഗം, ക്യാൻസർ, പ്രമേഹം തുടങ്ങിയ രോഗങ്ങൾക്കുള്ള മരുന്നുകളുടെ വില 20 ശതമാനവും കുറച്ച് കൊടുക്കാൻ തീരുമാനമായിട്ടുണ്ട്. കേന്ദ്ര പ്ളാനിംഗ് ബോർഡ് അംഗീകരിച്ചിട്ടുള്ള ബി.പി.എൽ. മാനദണ്ഡം പുന:പരിശോധിക്കണമെന്നഭ്യർത്ഥിച്ച് കേന്ദ്ര സിവിൽ സപ്ളൈസ് വകുപ്പുമന്ത്രിക്ക് കേരള മുഖ്യമന്ത്രി കത്തെഴുതിയിട്ടുണ്ട്. സിവിൽ സപ്ളൈസ് കോർപ്പറേഷനിലെ അഴിമതിയെക്കുറിച്ച് അന്വേഷിക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തീകരിച്ചുവരികയാണ് പച്ചക്കറി വിപണനത്തിൽ സിവിൽ സപ്ളൈസ് കോർപ്പറേഷനും ഹോർട്ടിക്കൾച്ചർ കോർപ്പറേഷനും സംയുക്ത സംരംഭം ആരംഭിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കാവുന്നതാണെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി വെളിപ്പെടുത്തി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

4 (*7) <u>വിലക്കയറ്റം</u>

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനുമായി സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ മാവേലി സ്റ്റോറുകൾ, ലാഭം സ്റ്റോറുകൾ, ശബരി സ്റ്റോറുകൾ, ശബരി സൂപ്പർ മാർക്കറ്റുകൾ എന്നീ സ്ഥാപനങ്ങളിലൂടെ അവശ്യ സാധനങ്ങൾ വിതരണം ചെയ്തുവരുന്നുണ്ടെന്നറിയിച്ചു. പൊതു കമ്പോളത്തിലെ എല്ലാ കടകളിലും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാൻ നിഷ്ക്കർഷിച്ചും വ്യാപാരസ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്തിയും വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി

സ്വീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും പ്രൈസ് മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ച് വിലനിലവാരം നിരീക്ഷിച്ചുവരുന്നു. കൂടാതെ നിത്യോപയോഗ സാധനങ്ങൾ മാർക്കറ്റ് വിലയേക്കാളും 10% മുതൽ 40% വരെ വിലക്കുറവിൽ സപ്ലൈകോയുടെ 2551 ഔട്ട്ലെറ്റുകൾ വഴി ജനങ്ങൾക്ക് ലഭ്യമാക്കുന്നു.

5 (*8) തനിമ പദ്ധതി

വ്യവസായ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണന സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഹാന്റക്സ്/ഹാൻവീവ് എന്നിവയ്ക്കും കൈത്തറി സഹകരണ സംഘങ്ങൾക്കും കൈത്തറി പ്രദർശനങ്ങൾ നടത്തുന്നതിനുള്ള ധനസഹായം നൽകിവരുന്നുണ്ടെന്നറിയിച്ചു. ഉൽസവ കാലങ്ങളിൽ കൈത്തറി റീജിയണൽ എക്സ്പോകൾ സംഘടിപ്പിക്കുകയും അന്താരാഷ്ട്ര പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിന് ധനസഹായം നൽകുകയും ചെയ്തു വരുന്നു. സ്വകാര്യ സംരംഭകരുടെ കയറ്റുമതി വിപണിയിലേയ്ക്കാവശ്യമായ കൈത്തറി ഉൽപ്പന്നങ്ങൾ എത്തിക്കുവാൻ സഹകരണ സംഘങ്ങൾക്ക് പ്രോൽസാഹനം നൽകുകയും പ്രത്യേക സീസണുകളിൽ റിബേറ്റ് അനുവദിക്കുകയും ചെയ്യുന്നുണ്ട്. കേന്ദ്രസർക്കാരിന്റെ സുവർണ്ണ ജയന്തി ഗ്രാമ സ്വരാജ്ഗർ യോജന സ്പെഷ്യൽ പദ്ധതിയിൻകീഴിൽ തിരുവനന്തപുരം ജില്ലയിലെ നെയ്ത്തുകാരുടെ ഉന്നമനം ലക്ഷ്യം വച്ചുകൊണ്ട് അവരെ സ്വയം സഹായ സംഘങ്ങളിലൂടെ സംഘടിപ്പിച്ച് ചെറുകിട സംരംഭങ്ങൾ ആരംഭിക്കാൻ തയ്യാറാക്കിയ ഒരു പദ്ധതിയാണ് 'തനിമ'. ജില്ലയിലെ ദാരിദ്ര്യ രേഖയ്ക്കുതാഴെയുള്ള കുടുംബങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുവാനും കൈത്തറിമേഖലയുടെ സമഗ്രമായ വികസനത്തിനും ഈ പദ്ധതി

ലക്ഷ്യമിടുന്നു. 1464 ലക്ഷം രൂപയാണ് ഈ പദ്ധതിക്കുവേണ്ടി പ്രതീക്ഷിക്കുന്ന ചെലവ്.

6 (*12) <u>നിത്യോപയോഗ സാധനങ്ങളുടെ വിലനിയന്ത്രണം</u>

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുവാനായി 2006-07 സാമ്പത്തിക വർഷത്തിൽ 30 കോടി രൂപ മാർക്കറ്റ് ഇന്റർവെൻഷനും ഓണക്കിറ്റു വിതരണത്തിനുംവേണ്ടി സർക്കാർ അനുവദിച്ചിട്ടുണ്ടെന്നറിയിച്ചു. . ഈയിനത്തിൽ 52 കോടി രൂപ ചെലവായതായി കണക്കാക്കപ്പെടുന്നു.

7 (*17) <u>തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം</u>

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനായി 2006-07 വർഷം 111.42 ലക്ഷം രൂപ റിപ്പയർ ആന്റ് മെയിന്റനൻസിനും 1764.30 ലക്ഷം രൂപ വികസനപ്രവർത്തനങ്ങൾക്കും എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ ചെലവഴിച്ചിട്ടുണ്ടെന്നറിയിച്ചു. അന്താരാഷ്ട്ര പാസഞ്ചർ ടെർമിനലിന്റെ പണി 2008 ഡിസംബർ മാസത്തോടുകൂടി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

8 (*23) <u>ഐ.ടി. മിഷൻ പദ്ധതി</u>

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാന ഐ.ടി. മിഷൻ പുതുതായി INSIGHT-ICT centre for differentially abled, വിജ്ഞാന ശേഖരണം, നാട്ടറിവുകളുടെ ശേഖരണം, ഡിജിറ്റൽ കണ്ടന്റ് ലൈബ്രറി, ഗവണ്മെന്റ് ഓൺലൈൻ, ഡിജിറ്റൽ ജില്ല, ഇ-ഡിസ്ട്രിക്ട്, സൈബർ ക്രൈം

പ്രിവൻഷൻ, സ്വതന്ത്ര സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനുള്ള ഇന്റർനാഷണൽ സെന്റർ എന്നീ പദ്ധതികൾ ആവിഷ്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നറിയിച്ചു. കൂടാതെ സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് ഐ.ടി./ഐ.ടി.ഇ.എസ്. മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ജോലി സാദ്ധ്യതകളെക്കുറിച്ച് അറിയുന്നതിനും അത് ഉപയോഗിക്കുന്നതിനും ഒരു ജോബ് പോർട്ടൽ ഒരുക്കുന്നതാണ്.

9 (*29) <u>ശാസ്ത്ര -സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പ്രവർത്തനം</u>

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, ശാസ്ത്ര -സാങ്കേതിക പരിസ്ഥിതി കൗൺസിൽ ശാസ്ത്ര ഗവേഷണ പരിപാടികൾ പ്രോൽസാഹിപ്പിക്കുന്നതിനായി Science Research Scheme (SRS), Scheme for the Augmentation of Research and Development (SARD), Ecology and Environment Scheme, Engineering Technology Programme (ETP), Student Project Programme (SPP) എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്നറിയിച്ചു. സ്കൂൾ-കോളേജ് തലങ്ങളിൽ ശാസ്ത്രപഠനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനായി ശാസ്ത്ര പോഷിണി എന്ന പദ്ധതി സംസ്ഥാനത്തെ 108 സ്കൂളുകളിൽ ശാസ്ത്ര കൗൺസിലിന്റെ നേതൃത്വത്തിൽ നടപ്പാക്കിയിട്ടുണ്ട്. സ്കൂൾതലത്തിൽ കുട്ടികൾക്ക് ശാസ്ത്ര പ്രോജക്ടുകൾ ചെയ്യുന്നതിനുവേണ്ടി Scheme for the Promotion of Young Talents in Science (SPYTIS) എന്ന പദ്ധതിയും കോളേജ്തലത്തിൽ വ്യക്തിഗതമായ ഗവേഷണ പരിപാടികൾക്കായി Science Research Scheme -ഉം നിലവിൽ ഉണ്ട്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (2) <u>തീർപ്പു കൽപിക്കുന്നതിനായി കെട്ടിക്കിടക്കുന്ന ഫയലുകൾ</u>

30-4-2007-ലെ കണക്കനുസരിച്ച് സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലായി ഏകദേശം 107065 ഫയലുകൾ തീർപ്പുകൽപിക്കാനുണ്ട്.

2 (6) <u>സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി</u>

2006-07 സാമ്പത്തികവർഷം സംസ്ഥാനത്തിന് 6210 കോടി രൂപയുടെ അടങ്കലുള്ള വാർഷിക പദ്ധതിയ്ക്കാണ് കേന്ദ്ര ആസൂത്രണ കമ്മീഷൻ അംഗീകാരം നൽകിയത്. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2007 മാർച്ച് 31 വരെയുള്ള പദ്ധതി ചെലവ് 4543.91 കോടി രൂപയാണ്.

3 (8) <u>പശ്ചിമഘട്ട വികസന പദ്ധതി</u>

പശ്ചിമഘട്ട വികസന പദ്ധതിയുടെ കീഴിൽ നീർത്തട വികസന പദ്ധതികൾ, വനവൽക്കരണ പദ്ധതികൾ, നടപ്പാലങ്ങളുടെ നിർമ്മാണം, ഗവേഷണ പദ്ധതികൾ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടിയുള്ള പ്രത്യേക വരുമാനദായക പദ്ധതികൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കായി 2006-07 വർഷത്തിൽ 1944.19 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

4 (37& 40 &41 &42) <u>സ്മാർട്ട് സിറ്റി കരാർ</u>

TECOM investment FZ-LLC എന്ന കമ്പനിയുമായിട്ടാണ് സംസ്ഥാന സർക്കാർ സ്മാർട്ട് സിറ്റി കരാർ ഒപ്പിട്ടിരിക്കുന്നത്. 'സ്മാർട്ട്സിറ്റി ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ്' (എസ്.പി.വി) എന്ന കമ്പനിക്ക് 99 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകുന്ന ഭൂമി 99 വർഷവും ആ കമ്പനിതന്നെ കൈവശം വച്ച് സ്മാർട്ട്സിറ്റി നടത്തിക്കൊണ്ടുപോകുന്നതിനും കരാർ ലംഘിക്കുകയാണെങ്കിൽ നടപടിയെടുക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാസ്റ്റർപ്ളാൻ

തയ്യാറാക്കിക്കഴിഞ്ഞാലുടൻതന്നെ പദ്ധതിയുടെ ആദ്യഘട്ടപ്രവർത്തനം ആരംഭിക്കുന്നതാണ്. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള റോഡ് സൗകര്യം, 10 M.W വൈദ്യുതി, 1MLD വാട്ടർ സപ്ളൈ തുടങ്ങിയ മിനിമം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടിവരും. ഈ പദ്ധതി നിലവിൽ വരുമ്പോൾ 90,000-ൽ അധികം പേർക്ക് തൊഴിൽ ലഭ്യമാകുമെന്ന് കണക്കാക്കുന്നു. തൊഴിലുറപ്പ് നൽകുന്ന വ്യവസ്ഥകൾ ലംഘിച്ചാൽ പാട്ടം റദ്ദാക്കാനും കമ്പനി ഏറ്റെടുക്കാനും കരാറിൽ വ്യവസ്ഥയുണ്ട്.

5 (72) ഇൻഫോപാർക്കിന്റെ നിർമ്മാണ ചെലവ്

ഇൻഫോപാർക്കിന്റെ നിർമ്മാണത്തിനായി 97,61,79,800 രൂപ ചെലവായിട്ടുണ്ട്.

6 (75) ടെക്നോസിറ്റി

ടെക്നോസിറ്റിക്കുവേണ്ടി ഫാസ്റ്റ് ട്രാക്ക് പദ്ധതിപ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഇൻഫർമേഷൻ ടെക്നോളജി, ബയോടെക്നോളജി, Knowledge based industries മറ്റ് ഉന്നത വ്യവസായ-ഗവേഷണ സംരംഭങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, residential complex കൾ, വിനോദോപാധികൾ തുങ്ങിയവ ഉൾപ്പെട്ട ഒരു 'ഉപഗ്രഹ നഗരം' സ്ഥാപിക്കുകയെന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

7 (85)പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണങ്ങളുടെ പ്രചരണം.

പബ്ളിക് റിലേഷൻസ് വകുപ്പിന്റെ മാസികകളായ ജനപഥവും കേരളാ കാളിംഗും പൊതുജനങ്ങളുടെയിടയിൽ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി വരി

ക്കാർക്കുപുറമേ ത്രിതലപഞ്ചായത്തുകൾ, കോളേജ്, വായനശാലകൾ, ജന പ്രതിനിധികൾ, വിശിഷ്ട വ്യക്തികൾ, മറ്റ് സംസ്ഥാന സർക്കാർ വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർമാർ തുടങ്ങിയവർക്കൊക്കെ അയച്ചു കൊടുക്കുന്നുണ്ട്. ന്യൂസ് ലെറ്ററുകളായ വികസന സമന്വയവും കേരള ഇന്റർഫെയ്സും സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, ജില്ലാ ഇൻഫർമേഷൻ ഓഫീസുകൾ എന്നിവ മുഖേനയും പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്.

8 (109) കേന്ദ്ര സർക്കാർ അനുവദിച്ച റേഷൻ വിഹിതം

2006-07 കാലയളവിൽ സംസ്ഥാനത്തിന് റേഷൻ വിഹിതമായി അനുവദിച്ച അരി, ഗോതമ്പ് എന്നിവയുടെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| | അരി: | ഗോതമ്പ് : |
|---|---|---|
| എ.പി.എൽ | 1361040 മെ. ടൺ | 238420 മെ.ടൺ |
| ബി.പി.എൽ | 317510 മെ. ടൺ | 86875 മെ. ടൺ |
| എ.എ.വൈ. | 247131 മെ. ടൺ | - |
| അന്നപൂർണ്ണ | 3715.56 മെ. ടൺ | - |

9(112) റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കുന്നത് തടയുന്നതിന് നടപടി

റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കുന്നതിനെതിരെ സംസ്ഥാനത്തെ എല്ലാ റേഷൻ കടകളും മൊത്ത വ്യാപാര ഡിപ്പോകളും സിവിൽ സപ്ളൈസിന്റെ വിവിധ സ്ക്വാഡുകൾ പരിശോധിക്കുകയും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ സംസ്ഥാന/ജില്ലാ/താലൂക്ക് തലത്തിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ജില്ലാ കളക്ടർമാരുടെ

നേതൃത്വത്തിൽ പോലീസ് ലീഗൽ മെട്രോളജി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരടങ്ങിയ ഒരു സെല്ലും പ്രവർത്തിച്ചുവരുന്നു.

10 (114) റേഷൻ സാധനങ്ങളുടെ തിരിമറി

സംസ്ഥാനത്തെ റേഷൻ സാധനങ്ങളുടെ തിരിമറി അവസാനിപ്പിക്കാനായി സിവിൽ സപ്ലൈസ് വകുപ്പിന്റെ വിവിധ സ്ക്വാഡുകൾ സംസ്ഥാനത്തെ എല്ലാ മൊത്ത/ചില്ലറ വ്യാപാര ഡിപ്പോകളും നിത്യേന പരിശോധിക്കുകയും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. റേഷൻ വിതരണം കാര്യക്ഷമമാക്കുന്നതിന് ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങളാണ് വിതരണം ചെയ്യുന്നത് എന്ന് ഉറപ്പുവരുത്തുന്നതിനുള്ള പരിശോധന കർശനമാക്കി. റേഷൻ സാധനങ്ങളുടെ തിരിമറി അവസാനിപ്പിക്കുന്നതിന് മിന്നൽ പരിശോധന നടത്തി ലൈസൻസ് റദ്ദു ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശനമായ ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

11 (124) പാലിന്റെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രതിദിനം 80 ലക്ഷം ലിറ്റർ പാലിന്റെ ആവശ്യമുള്ളതായി കണക്കാക്കപ്പെടുന്നു. സംസ്ഥാനത്ത് പാലിന്റെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി പശുഗ്രാമം മിൽക്ക് ഷെഡ് വികസനം, തീറ്റപ്പുൽ കൃഷി, ഗുണമേന്മയുള്ള കാലിത്തീറ്റ മിതമായ വിലയ്ക്ക് ലഭ്യമാക്കൽ, ഊർജ്ജിത കന്നുകാലി വികസനം, മൃഗാശുപത്രികളുടെ വികസനം, രോഗനിയന്ത്രണം തുടങ്ങിയ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

12 (128) <u>ക്ഷീര കർഷക ക്ഷേമനിധിയിലെ അംഗങ്ങൾ</u>

ക്ഷീരകർഷക ക്ഷേമനിധിയിൽ നാളിതുവരെ 123769 ക്ഷീരകർഷകർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. ക്ഷീരകർഷക ക്ഷേമനിധിയിൽനിന്നും 2007 മേയ് മാസം വരെ അർഹരായ 19465 പേർക്ക് പ്രതിമാസം 250/- രൂപ നിരക്കിൽ പെൻഷൻ അനുവദിച്ചിട്ടുണ്ട്. അതിനുപുറമെ മരണപ്പെട്ടവരുടെ അർഹരായ 47 അവകാശികൾക്ക് പ്രതിമാസം 125 രൂപ നിരക്കിൽ ക്ഷേമനിധിയിൽനിന്നും കുടുംബ പെൻഷനും നൽകിവരുന്നു. 2007-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി നിയമപ്രകാരം കേരളത്തിലെ പ്രാഥമിക ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകരെ മാത്രം അംഗങ്ങളാക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

13 (137) <u>സ്വകാര്യ മൂലധന നിക്ഷേപം ആകർഷിക്കുന്നതിനുള്ള പദ്ധതികൾ</u>

സംസ്ഥാനത്ത് സ്വകാര്യ മൂലധന നിക്ഷേപം ആകർഷിക്കുന്നതിന് കൂടുതൽ വ്യവസായങ്ങൾ കൊണ്ടുവരുന്നതിനായി കെ.എസ്.ഐ.ഡി.സി. ഇന്ത്യയ്ക്ക് അകത്തും പുറത്തും റോഡ് ഷോകൾ നടത്തുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിന്റെ മുന്നോടിയായി പ്രാദേശിക നിക്ഷേപകരെ ആകർഷിക്കാൻ കണ്ണൂർ, കോട്ടയം, മലപ്പുറം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ കെ.എസ്.ഐ.ഡി.സി. മീറ്റിംഗുകൾ വിളിച്ചുകൂട്ടുകയും ഏകദേശം 53 ധാരണാ പത്രങ്ങൾ ഒപ്പിടുകയുമുണ്ടായി. കൂടാതെ 30.18 കോടി രൂപയുടെ മൊത്തം നിക്ഷേപം വരുന്ന 21 പ്രോജക്ടുകൾക്ക് കെ.എസ്.ഐ.ഡി.സി. ധനസഹായം അനുവദിച്ചിട്ടുണ്ട്. വിവിധ ഫോറിൻ എമ്പസികളെയും വിദേശ കമ്പനികളെയും ആകർഷിക്കുവാൻ വേണ്ടിയുള്ള ശ്രമം നടന്നുവരുന്നു. കൂടാതെ വ്യവസായ

വകുപ്പു മന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ ഗൾഫിൽ പര്യടനം നടത്തുകയും വിവിധ മലയാളി സംഘടനകളുമായി ചർച്ച നടത്തുകയും ചെയ്തതിന്റെ ഫലമായി കെ.എസ്.ഐ.ഡി.സി. കൂടുതൽ നിക്ഷേപങ്ങൾ പ്രതീക്ഷിക്കുന്നു.

14 (138) പൂട്ടിക്കിടന്നിരുന്ന വ്യവസായശാലകൾ

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഐ.ഡി.സി.യുടെ സാമ്പത്തികസഹായത്തോടെ സ്ഥാപിതമായ മൂന്ന് സ്വകാര്യ സ്ഥാപനങ്ങളും വ്യവസായ വകുപ്പിന്റെ കീഴിലുള്ള മലബാർ സ്പിന്നിംഗ് മില്ലും തുറന്നു പ്രവർത്തിപ്പിച്ചതിന്റെ ഫലമായി 59 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്.

15 (141) പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ മാനേജ്മെന്റ് സംവിധാനം

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളുടെ ഭാഗമായി കമ്പനികളുടെ ചീഫ് എക്സിക്യൂട്ടീവുകളായി അതാത് മേഖലകളിൽ വൈദഗ്ദ്ധ്യമുള്ളവരെ തെരഞ്ഞെടുത്ത് നിയമിക്കുന്നതിനായി വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായും വ്യവസായ വകുപ്പ് സെക്രട്ടറിയും ഒരു മാനേജ്മെന്റ് വിദഗ്ദ്ധനും രണ്ട് സബ്ജക്ട് എക്സ്പർട്ടുകളേയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുകയും കെമിക്കൽ, ഇലക്ട്രിക്കൽ, എഞ്ചിനിയറിംഗ്, ടെക്സ്റ്റൈൽ എന്നീ സെക്ടറിനുകീഴിലുള്ള കമ്പനികളിലും കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലും മാനേജിംഗ്

ഡയറക്ടർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ സ്ഥാപനങ്ങളിലും പ്രൊഫഷണലിസം കൊണ്ടുവരുന്നതിനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്.

16 (144) <u>സംസ്ഥാനത്തെ പൊതുമേഖലാ കമ്പനികളുടെ പ്രവർത്തനം</u>

സംസ്ഥാനത്ത് വ്യവസായവകുപ്പിന്റെ അധീനതയിലുള്ള 15 പൊതുമേഖലാ സ്ഥാപനങ്ങൾ അടഞ്ഞുകിടക്കുന്നുണ്ട്. ബി.ഐ.എഫ്.ആർ.ന്റെ തീരുമാനപ്രകാരം പ്രവർത്തനം നിർത്തലാക്കിയിരുന്ന ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിനെ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ യൂണിറ്റാക്കി ഒരു Open-end Spinning Mill തുടങ്ങുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

17 (160) <u>ലോഹമണൽ ഖനനം</u>

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ മെ.ഇൻഡ്യൻ റെയർ എർത്ത്സ് ലിമിറ്റഡ്, സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ മെ.കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് എന്നീ കമ്പനികൾക്ക് സർക്കാർ ലോഹമണൽ ഖനനം ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന്റെയും കേന്ദ്ര സ്ഥാപനമായ വിക്രം സാരാഭായ് സ്പേസ് സെന്ററിന്റെയും കേന്ദ്ര ഡിഫൻസ് മെറ്റലർജിക്കൽ റിസർച്ച് ലബോറട്ടറിയുടെയും സാങ്കേതിക സഹായത്തോടുകൂടി ചവറയിൽ ഇൻഡ്യയിലെ ഈ മേഖലയിലുള്ള ആദ്യ സംരംഭമായ ടൈറ്റാനിയം സ്പോഞ്ച് നിർമ്മാണത്തിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

18 (161) <u>കരിമണൽ ഉപയോഗിച്ചുള്ള വ്യവസായം</u>

കേരളത്തിലെ ധാതു മണൽ പ്രയോജനപ്പെടുത്തി റഷ്യൻ സഹകരണത്തോടെ ടൈറ്റാനിയം വ്യവസായം സ്ഥാപിക്കുവാൻ സംസ്ഥാന സർക്കാർ റഷ്യയുമായി ധാരണാ പത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്.